ഭരണഭാഷ മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം
e-mail Id : dirdhse.dge@kerala.gov.in
Phone No : 0471 2325868

എഡി.ബി2/194881/2021/ഡി.ജി.ഇ തീയതി : 10/05/2022

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ 01/01/2016 മുതൽ 28/12/2020 വരെയുള്ള തസ്തികമാറ്റ ഒഴിവിലേക്കുള്ള എച്ച്.എസ്.എ, യു.പി.എസ്.എ/ എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളുടെ തസ്തികമാറ്റ നിയമനം - സർട്ടിഫിക്കറ്റ് പരിശോധന - സംബന്ധിച്ച്

സൂചന :
1. 29/04/2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2. 05/05/2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
3. 13/11/2015 തീയതിയിലെ GO (MS) No. 280/15/G.EDN നമ്പർ സർക്കാർ ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർസെക്കന്ററി വിഭാഗം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ 01/01/2016 മുതൽ 28/12/2020 വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്കുള്ള അദ്ധ്യാപക നിയമനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള യോഗ്യരായ അദ്ധ്യാപകരെ, ജീവനക്കാരെ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച Revised Provisional Seniority list-ൽ ഉൾപ്പെട്ടിട്ടുള്ള എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ അദ്ധ്യാപകർ ഹയർസെക്കന്ററി വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർ, ലാബ് അസിസ്റ്റന്റ് ജീവനക്കാർ എന്നിവരെ സൂചന (1), (2) സർക്കുലറുകൾ പ്രകാരം സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുവേണ്ടി ഹാജരാകുവാൻ അറിയിച്ചിരുന്നു. എന്നാൽ നിശ്ചിത ദിവസങ്ങളിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകുവാൻ അറിയിപ്പ് ലഭിച്ചിട്ടും ഹാജരാകുവാൻ കഴിയാതിരുന്ന അദ്ധ്യാപകർ, ജീവനക്കാർ(അറബിക്, ഉറുദു, തമിഴ്, സോഷ്യാളജി, കന്നട, സംസ്കൃതം, ഹിസ്റ്ററി, സ്റ്റാറ്റിസ്റ്റിക്സ്, ജോഗ്രഫി, ജേർണലിസം എന്നീ വിഷയങ്ങളിലെ അപേക്ഷകരൊഴികെ) സൂചന (1), (2) സർക്കുലറുകളിലെ നിബന്ധനകൾക്ക് വിധേയമായി **12/05/2022 തീയതിയിൽ തിരുവനന്തപുരം, തൈക്കാട് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ (1023)** എത്തിച്ചേരണമെന്ന് അറിയിക്കുന്നു.

സൂചന(3) സർക്കാർ ഉത്തരവ് പ്രകാരം SC/ST, PH/VH വിഭാഗത്തിലെ അപേക്ഷകർക്ക് എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്കുള്ള നിയമനത്തിന് പി.ജി യ്ക്ക് 45% മാർക്ക് മതിയാകും എന്ന് ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട പി.ജി യ്ക്ക് 45% മാർക്കുള്ള ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകർ 12/05/2022 തീയതിയിൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകണം എന്ന് അറിയിക്കുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

La